2008
നവംബർ 20
വ്യാഴം

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 THURSDAY NOVEMBER 20 , 2008 DULQA'D 22, 1429. PAGE 16, ISSUE 3517

# തൊഴിലാളികളെക്കുറിച്ച റിപ്പോർട്ട് കമ്പനികൾക്ക് നൽകുമെന്ന് എൽ.എം.ആർ.എ

- പരാതികൾക്ക് ഡിസം. 31നകം പരിഹാരം തേടണം
- മുഴുവൻ തൊഴിലാളികളുടെയും വിവരമടങ്ങിയ 'ഡാറ്റാ ബേസ്' തയാർ
- മൂന്നു മാസം വരെ ഫീസ് അടക്കാത്ത കമ്പനികളെ വിലക്കും
- 50,000 അപേക്ഷകൾ തീർപ്പാക്കി

കെ. കണ്ണൻ

മനാമ: തൊഴിലാളികളുടെ പൂർണ വിവരമടങ്ങിയ കൃത്യമായ റിപ്പോർട്ട് ലേബർ മാർക്കറ്റ് റെഗുലേറ്ററി അതോറിറ്റി കമ്പനികൾക്ക് നൽകുമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അലി റാദി പത്രസമ്മേളനത്തിൽ അറിയിച്ചു. റിപ്പോർട്ടിന്മേലുള്ള പരാതികൾക്കും തർക്കത്തിനും ഡിസംബർ 31നകം പരിഹാരം തേടണം. കഴിഞ്ഞ ജൂലൈ ഒന്നിന് ആരംഭിച്ച എൽ.എം.ആർ.എയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കാനാണ് പത്രസമ്മേളനം വിളിച്ചത്. സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്ന വിദേശതൊഴിലാളികൾക്ക് വിസ അനുവദിക്കുകയും പുതുക്കുകയുമായിരുന്നു രണ്ടാംഘട്ടത്തിലെ മുഖ്യ പ്രവർത്തനം.

രാജ്യത്തെ തൊഴിലാളികളുടെ വിവരങ്ങളടങ്ങിയ 'ഡാറ്റാബേസ്' എൽ.എം.ആർ.എ തയാറാക്കിയിട്ടുണ്ട്. തൊഴിൽ-ആഭ്യന്തര മന്ത്രാലയം, ജനറൽ ഓർഗനൈസേഷൻ ഓഫ് സോഷ്യൽ ഇൻഷൂറൻസ് എന്നിവയിൽ നിന്നുള്ള വിവരങ്ങൾ കൂടി ചേർത്താണ് വിവരപട്ടിക തയാറാക്കിയത്. കമ്പനികളും തൊഴിൽദാതാക്കളും എൽ.എം. ആർ.എ ആസ്ഥാനത്തുവന്ന് രേഖകൾ കൃത്യമാണോ എന്ന് പരിശോധിക്കണം. കമ്പനിയെക്കുറിച്ചും തൊഴിലാളികളുടെ എണ്ണത്തെക്കുറിച്ചും എൽ.എം.ആർ.എയിലുള്ള വിവരവും തങ്ങളുടെ കൈയിലുള്ള വിവരവും കൃത്യമാണോ എന്ന് ഉറപ്പുവരുത്തണം.

ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ തൊഴിലാളിക്കും പ്രതിമാസം 10 ദിനാർ വീതം എൽ.എം.ആർ.എ ഫീസ് ചുമത്തും. മൂന്നുമാസം വരെ ഫീസ് അടക്കാത്ത കമ്പനികളെ തുടർന്ന് എൽ.എം.ആർ.എയുമായി ബന്ധപ്പെടാൻ അനുവദിക്കില്ല. അവർക്ക് മേലിൽ വർക്ക് വിസ ലഭിക്കുന്നതിനും മറ്റും ഇതുമൂലം തടസ്സം നേരിടും. അതുകൊണ്ട് എൽ.എം.ആർ.എയിലുള്ള വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പാക്കേണ്ട ബാധ്യത കമ്പനികളുടേതാണെന്ന് അദ്ദേഹം പറഞ്ഞു. സമയപരിധി കഴിഞ്ഞാൽ അതോറിറ്റിയുടെ കൈവശമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ നടപടിയെടുത്തുതുടങ്ങും. ചുരുങ്ങിയ സമയത്തിനകം നിരവധി നടപടിക്രമങ്ങൾ ചെയ്തുതീർക്കാൻ കഴിയുംവിധമാണ് സംവിധാനമേർപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ഈ വർഷാവസാനം എന്ന സമയപരിധി കൃത്യമായി പാലിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

2008 ജൂലൈ വരെ എൽ.എം.ആർ.എ വഴി 50,000 അപേക്ഷകൾ തീർപ്പാക്കിയതായി അലി റാദി അറിയിച്ചു. 80 ശതമാനം അപേക്ഷകളും ഓൺലൈൻ വഴിയാണ് സ്വീകരിക്കുന്നത്. അതോറിറ്റിയുടെ 90ശതമാനം സേവനങ്ങളും ഓൺലൈനിൽ ലഭ്യമാണ്.

കമ്പനികളും തൊഴിലാളികളും തമ്മിലുള്ള ബന്ധം സുതാര്യവും ലളിതവുമാക്കുകയാണ് അതോറിറ്റിയുടെ ലക്ഷ്യം. എല്ലാതരം വിസകൾക്കും വേണ്ടിയുള്ള അപേക്ഷകൾ, ഇവ പുതുക്കാനും റദ്ദാക്കാനുമുള്ള നടപടികൾ, തൊഴിൽ മാറ്റം, ഫീസ് അടക്കൽ, വിദേശ തൊഴിലാളികളുടെ വിവരം ശേഖരിക്കൽ തുടങ്ങിയ കാര്യങ്ങൾ അതോറിറ്റി വിജയകരമായി നടത്തുന്നുണ്ട്. എല്ലാതരം ഉപഭോക്താക്കൾക്കും ഓൺലൈൻ വഴി സേവനം നൽകുകയാണ് ലക്ഷ്യം. ആഴ്ചയിൽ ശരാശരി 4,830 വിസ അപേക്ഷകൾ അതോറിറ്റിക്ക് ലഭിക്കുന്നുണ്ട്. ഇതിൽ 76 ശതമാനവും ഓൺലൈൻ വഴിയാണ് തീർപ്പാക്കുന്നത്.

എൽ.എം.ആർ.എയും ക്ലിയറിംഗ് ഏജൻസികളും തമ്മിലുള്ള ബന്ധം ജനുവരി ഒന്നുമുതൽ പൂർണമായും ഓൺലൈൻ വഴിയാകും. എൽ.എം.ആർ.എ ആസ്ഥാനത്തിൻെറ എട്ടാം നിലയിൽ പ്രവർത്തിക്കുന്ന പരിശീലനകേന്ദ്രം ക്ലിയറിംഗ് ഏജൻസികൾക്കും കമ്പനികൾക്കും വേണ്ടി തുറന്നുകൊടുക്കും. വൈകീട്ട് അഞ്ചുവരെ ഇവിടത്തെ സേവനം ഇവർക്ക് പ്രയോജനപ്പെടുത്താം. തുടർനടപടികൾക്കും പ്രശ്നപരിഹാരത്തിനുമായി ക്ലിയറിംഗ് ഏജൻസികളുമായി ചേർന്ന് സംയുക്ത കമ്മിറ്റി രൂപവത്കരിക്കും. എൽ.എം.ആർ.എ ആസ്ഥാനത്ത് ഇപ്പോൾ സ്വീകരിക്കുന്ന പ്രതിമാസ ഫീസുകൾ ഓൺലൈൻ വഴി അഹ്‌ലി യുനൈറ്റഡ് ബാങ്കിലേക്ക് മാറ്റും. എല്ലാ ഉപഭോക്താക്കളും എൽ.എം.ആർ.എ വെബ്സൈറ്റ് പതിവായി പരിശോധിക്കണം. തൊഴിൽ മന്ത്രാലയം 2008 ജൂലൈ വരെ അനുവദിച്ച വർക്ക് വിസ അടുത്ത ജനുവരി മുതൽ സ്വീകരിക്കില്ല. 12 മാസം കവിയാത്ത, കാലാവധി തീർന്ന വിസകൾ ഡിസംബർ 31വരെ പുതുക്കാം.



*എൽ.എം.ആർ.എയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കാൻ നടത്തിയ പത്രസമ്മേളനത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അലി റാദി, യൂനുസ് അൽ ഹെർമി, യൂസുഫ് അൽ ഹാദി, രാജി അബ്ദുൽ റഹ്മാൻ എന്നിവർ.*

ജൂലൈവരെ 12,250 തൊഴിലാളികൾ അപ്രത്യക്ഷരായതായി വിവരം ലഭിച്ചിട്ടുണ്ട്. ഓടിപ്പോകുന്ന തൊഴിലാളികളെക്കുറിച്ച് കമ്പനി നൽകുന്ന റിപ്പോർട്ട് അംഗീകരിച്ചുകഴിഞ്ഞാൽ ഇവർക്ക് തിരിച്ചുവരാനോ കമ്പനി മാറാനോ സാധിക്കില്ല. ഓടിപ്പോകുന്നവർക്ക് കമ്പനിയുടെ റിപ്പോർട്ട് കിട്ടി ഒരുമാസം വരെ തിരിച്ചുവരാൻ സമയം അനുവദിക്കും.

തൊഴിൽ പ്രശ്നങ്ങളിൽ ഇടപെടുക മാത്രമല്ല, മേഖലയെക്കുറിച്ചുള്ള വിവരങ്ങൾ എളുപ്പം ലഭ്യമാക്കുന്നതിനുള്ള ഏജൻസി കൂടിയായി എൽ.എം.ആർ.എ പ്രവർത്തിക്കുന്നു. ഏതു കമ്പനിക്കും തൊഴിലാളിക്കും നേരിട്ട് അതോറിറ്റിയുമായി ബന്ധപ്പെട്ട് വിവരം തേടാം. അതോടൊപ്പം തൊഴിൽ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നിരന്തരം അതോറിറ്റി മുന്നറിയിപ്പും നൽകുന്നുണ്ട്. തൊഴിൽ പ്രശ്നങ്ങൾ ലഘൂകരിക്കാനുള്ള നിരവധി നടപടികൾ എൽ.എം. ആർ.എയുടെ പരിഗണനയിലാണ്. തൊഴിൽപ്രശ്നങ്ങൾ പരിഹരിക്കാൻ എംബസ്സികളെയായിരുന്നു ആശ്രയിച്ചിരുന്നത്. അതോറിറ്റിയുടെ വരവോടെ പ്രശ്നപരിഹാരത്തിന് കൂടുതൽ കാര്യക്ഷമമായ സംവിധാനം നിലവിൽ വന്നിരിക്കുകയാണ്.

വിദേശതൊഴിലാളികൾക്ക് ഇവിടുത്തെ പല തൊഴിൽ നിയമങ്ങളെക്കുറിച്ചും അറിയില്ല. അവരുടെ അവകാശ സംരക്ഷണത്തിന് നിരവധി നിയമങ്ങളുണ്ട്. ചില കമ്പനികൾ ഇത് അവരിൽ നിന്ന് മറച്ചുവെക്കുന്നുമുണ്ട്. തൊഴിലവകാശങ്ങളെക്കുറിച്ചും ഇൻഷൂറൻസ് പോലുള്ള സഹായപദ്ധതികളെക്കുറിച്ചും എൽ.എം.ആർ.എ കൃത്യമായ വിവരം നൽകുന്നുണ്ട്. ഇതുവഴി കമ്പനികളും തൊഴിലാളികളും തമ്മിലുള്ള തർക്കങ്ങൾ ഒരു പരിധി വരെ പരിഹരിക്കാനാകും.

എൽ.എം.ആർ.എ നിലവിൽവന്ന ശേഷം തൊഴിൽപ്രശ്നപരിഹാരത്തിൽ സുതാര്യതയും വേഗവുമുണ്ടായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. തൊഴിൽ പ്രശ്നങ്ങൾ റിപ്പോർട്ടു ചെയ്യാനുള്ള ഈ സംവിധാനം പ്രശ്നബാധിതർക്ക് ആത്മവിശ്വാസം പകരുന്നതാണെന്ന് അലി റാദി പറഞ്ഞു. വാർത്താസമ്മേളനത്തിൽ യൂനിസ് അൽ ഹെർമി, യൂസിഫ് അൽ ഹാദി, റജി അബ്ദുൽ റഹ്മാൻ എന്നിവരും പങ്കെടുത്തു.